# നദീതടസംസ്കാരങ്ങളിലൂടെ

---

**Que.1. ഈജിപ്ഷ്യൻ സംസ്കാര കാലഘട്ടത്തിൽ സമയം കണക്കാക്കുന്ന വിവിധ ഘടികാരങ്ങളുടെ പേരെഴുതുക? അവയുടെ പ്രത്യേകതകൾ എന്തെല്ലാം? [Marks :(4)]**

**Ans.**

- സൂര്യഘടികാരം
- ജലഘടികാരം
- നിഴലിനെ അടിസ്ഥാനമാക്കി സമയം കണക്കാക്കുന്ന രീതി സൂര്യഘടികാരം
- ജലപ്രവാഹത്തിന്റെ അടിസ്ഥാനത്തിൽ സമയം നിർണ്ണയിക്കുന്ന ജല ഘടികാരം

**Que.2. വെങ്കലയുഗ സംസ്കാരങ്ങളുമായി ബന്ധപ്പെടുത്തി ചുവടെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. [Marks :(4)]**

**1. യൂഫ്രട്ടീസ്, ടൈഗ്രീസ് നദികൾക്കിടയിൽ രൂപംകൊണ്ട സംസ്കാരം.**

**2. ചന്ദ്രനെ അടിസ്ഥാനമാക്കി രൂപപ്പെടുത്തിയ കലണ്ടറിന്റെ പ്രത്യേകത.**

**Ans.**

1. മെസൊപ്പൊട്ടാമിയൻ സംസ്കാരം

2. a. ഒരു വർഷത്തെ 12 മാസങ്ങളായി വിഭജിച്ചു.

b. ഒരു വർഷത്തെ 4 ആഴ്ചകളായി വഭജിച്ചു

c. ഒരു ദിവസത്തെ 24 മണിക്കൂറുകളായി കണക്കാക്കി

**Que.3. . സിന്ധൂ നദീതട സംസ്കാര കാലഘട്ടത്തിലെ ജനങ്ങൾ [Marks :(4)]**

**ശുചിത്വത്തിന് വളരെയധികം പ്രാധാന്യം നല്കിയിരുന്നു. പ്രസ്താവന സാധൂകരിക്കുക.**

**Ans.**

1. എല്ലാ വീടുകൾക്കും ശൗചാലയങ്ങളുണ്ടായിരുന്നു.

2. വീടുകളിൽ നിന്നും മലിനജലം ചാലുകളിലേക്ക് ഒഴുക്കിയിരുന്നു.

3. ചാലുകളെ നഗരത്തിലെ പ്രധാന അഴുക്കുചാലുമായി ബന്ധിച്ചിരുന്നു

4. സ്ലാബുകൾ ഉപയോഗിച്ച് അഴുക്കുചാൽ മൂടിയിരുന്നു.

**Que.4. ഹരപ്പയിലെ നഗരങ്ങളുടെ അവശിഷ്ടങ്ങളിൽ നിന്നും നഗര ജീവിതത്തെ സംബന്ധിച്ച എന്തെല്ലാം സൂചനകളാണ് ലഭിക്കുന്നത്?**

**[Marks :(3)]**

**Ans.**

- ഹരപ്പൻ ജനങ്ങളെ ഭരണാധികാരികളെന്നും സാധാരണക്കാരെന്നും വിഭജിച്ചിരുന്നു.
- ആസൂത്രിതമായ തെരുവുകളുടെ ഇരുവശങ്ങളിലായി വീടുകൾ നിർമ്മിച്ചു
- വ്യത്യസ്ത ഘടനകളിലുള്ള വീടുകൾ
- അഴുക്കുചാലുകൾ
- വലിയകുളം

  (ഏതെങ്കിലും മൂന്നെണ്ണം)

**Que.5. ചൈനീസ് കലണ്ടറിന്റെ പ്രത്യേകത എന്ത്?**

**[Marks :(3)]**

**Ans**. ഒരു വർഷത്തിൽ 365½ ദിവസം

**Que.6. ഹൊയ്ങ്ഹോ നദിയുടെ തീരത്ത് രൂപംകൊണ്ട സംസ്കാരമേത്?**

**[Marks :(1)]**

**Ans.** ചൈനീസ് സംസ്കാരം

**Que.7. സ്ഫിംഗ്സിന്റെ പ്രത്യേകത എന്താണ്?**

**[Marks :(1)]**

**Ans**. മനുഷ്യന്റെ തലയും സിംഹത്തിന്റെ ഉടലും കൂടിയ പ്രതിമ.

**Que.8. മോഹൻജൊദാരോയിലെ വലിയ കുളത്തിന്റെ സവിശേഷത എന്ത്?**

**[Marks :(1)]**

**Ans**. ചുട്ട ഇഷ്ടികകൾ കൊണ്ട് നിർമിച്ചു.

**Que.9. ചൈനീസ് എഴുത്ത് വിദ്യയുടെ പ്രത്യേകത എന്ത്?**

**[Marks :(1)]**

**Ans.** അക്ഷരങ്ങൾക്ക് പകരം ചിത്രങ്ങൾ ഉപയോഗിച്ചു. പിൽക്കാലത്ത് ചിത്രങ്ങൾക്ക് പകരം ചിഹ്നങ്ങൾ

**Que.10. സിഗുറാത്തുകൾ എന്നാൽ എന്ത്? അവയുടെ പ്രത്യേകതകൾ എഴുതുക.**

**[Marks :(2)]**

**Ans**. മെസൊപ്പൊട്ടാമിയൻ ജനതയുടെ ആരാധനാലയങ്ങളാണ് സിഗുറാത്ത്. നഗരങ്ങളിൽ നിർമ്മിച്ച മൺകൂനകൾക്ക് മുകളിൽ ഇഷ്ടികകൊണ്ട് നിർമ്മിച്ചു.

**Que.11. പ്രാചീന മെസൊപ്പൊട്ടാമിയയിലെ മൂന്ന് നഗരങ്ങളുടെ പേരെഴുതുക.**

**[Marks :(3)]**

**Ans.** ഉർ, ഉറൂക്ക്, ലഗാഷ്

**Que.12. ഈജിപ്ഷ്യൻ മെസൊപ്പൊട്ടാമിയൻ സംസ്കാരങ്ങളുടെ പൊതു സവിശേഷതകൾ എഴുതുക.**

**[Marks :(3)]**

**Ans.**

- വെങ്കലത്തിന്റെ ഉപയോഗം
- എഴുത്ത് വിദ്യ
- കലണ്ടർ

**Que.13. ഗണിതശാസ്ത്ര രംഗത്തെ മെസൊപ്പൊട്ടാമിയക്കാരുടെ സംഭാവനകൾ എന്തെല്ലാം?**

**[Marks :(2)]**

**Ans.** ഹരണം, ഗുണനം, വർഗ്ഗമൂലം എന്നിവയെ സംബന്ധിച്ച അറിവ്.

**Que.14. മെസൊപ്പൊട്ടാമിയൻ കലണ്ടറിന്റെ സവിശേഷതകൾ എഴുതുക.**

**[Marks :(3}]**

**Ans.**

1. ചന്ദ്രനെ അടിസ്ഥാനമാക്കിയ കലണ്ടർ
2. വർഷത്തിൽ 12 മാസം
3. ഒരു മാസത്തിൽ 4 ആഴ്ച
4. ഒരു ദിവസത്തിൽ 24 മണിക്കൂർ

**Que.15. ശാസ്ത്ര രംഗത്ത് ഈജിപ്റ്റുകാരുടെ പ്രധാന നേട്ടങ്ങൾ എന്തെല്ലാം?**

**[Marks :(4}]**

**Ans.**

1. ഈജിപ്ഷ്യൻ കലണ്ടർ

2. ത്രികോണം, ചതുരം എന്നിവയുടെ വിസ്തീർണം കണ്ടുപിടിച്ചു.

3. നിഴലിനെ അടിസ്ഥാനമാക്കി സമയം കണക്കാക്കുന്ന സൂര്യഘടികാരം

4. ജലപ്രവാഹത്തിന്റെ അടിസ്ഥാനത്തിൽ സമയം നിർണ്ണയിക്കുന്ന ജലഘടികാരം.

**Que.16. ഈജിപ്ഷ്യൻ കലണ്ടറിന്റെ സവിശേഷതകൾ വ്യക്തമാക്കുക.**

**[Marks :(4}]**

**Ans.**

1. സൂര്യനെ അടിസ്ഥാനമാക്കിയത്.

2. വർഷത്തെ 365 ദിവസങ്ങളാക്കി

3. 30 ദിവസങ്ങളുള്ള 12 മാസങ്ങൾ

4. 5 ദിവസങ്ങൾ ആഘോഷങ്ങളാക്കി മാറ്റി

**Que.17. ഈജിപ്ഷ്യൻ സംസ്കാരത്തിന്റെ സവിശേഷതകളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.**

**[Marks :(6}]**

**Ans.**

1. നൈൽ നദിയുടെ തീരത്ത് രൂപംകൊണ്ടു.

2. പ്രധാന തൊഴിൽ കൃഷി, നെയ്ത്ത്, സ്ഫടികപാത്രനിർമാണം.

3. ഫറോവ – മമ്മികൾ - പിരമിഡ്

4. എഴുത്ത് വിദ്യ – ഹൈറോഗ്ലിഫിക്സ്

5. കലണ്ടർ

6. പ്രതിമാനിർമ്മാണം

7. ശാസ്ത്രരംഗം

(ഇവ വിശദമാക്കുക)

**Que.18. ഹരപ്പൻ സംസ്കാരത്തിന്റെ തകർച്ചക്ക് ഇടയാക്കിയ കാരണങ്ങൾ എന്തെല്ലാം**

**[Marks :(4}]**

**Ans.**

A. വെള്ളപ്പൊക്കം

B. പുറമെനിന്നുള്ള ആക്രമണങ്ങൾ

C. വനനശീകരണം

D. കാർഷികമേഖലയിലെ തകർച്ച

E. പകർച്ചവ്യാധികൾ

(ഏതെങ്കിലും 4 എണ്ണം)

**Que.19. ഹരപ്പൻ ജനതയുടെ വിശ്വാസ രീതികളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.**

**[Marks :(4}]**

**Ans.**

1. മാതൃദൈവാരാധന

2. മൃഗങ്ങളെയും വൃക്ഷങ്ങളെയും ആരാധിച്ചു.

3. മോഹൻജോദാരോവിലെ വലിയ കുളം

4. ആദിമശിവനെ ആരാധിച്ചു.

**Que.20. കല, കരകൗശല മേഖലകളിൽ ഹരപ്പൻ ജനതയുടെ സംഭാവനകൾ വിശദീകരിക്കുക.**

**[Marks :(4}]**

**Ans.** കരകൗശലം

മുദ്രകൾ, കളിമൺരൂപങ്ങൾ, പാത്രങ്ങൾ, ആഭരണങ്ങൾ

മൺപാത്രനിർമ്മാണത്തിന് ചൂളകൾ

മൺപാത്രത്തിലെ അലങ്കാരപണികൾ

കളിമണ്ണിൽ മൃഗരൂപങ്ങൾ

ചെമ്പ്, സ്വർണ്ണം, വെങ്കലം കൊണ്ട് ആഭരണങ്ങൾ

കലാവൈഭവം

മുദ്രകൾ - കളിമണ്ണ് കൊണ്ടും ശിലകൾ കൊണ്ടും

നർത്തകിയുടെ പ്രതിമ

ധോളാവിരയിലെ സൂചനാബോർഡ്

**Que.21. ഹരപ്പൻ ജനതയുടെ കടൽ വഴിയുള്ള കച്ചവട ബന്ധത്തെ സൂചിപ്പിക്കുന്ന തെളിവുകൾ ഏതെല്ലാം**

**[Marks :(4}]**

**Ans.**

a. മെസൊപ്പൊട്ടാമിയയിൽ നിന്ന് ലഭിച്ച ലിഖിതങ്ങൾ

b. ഹരപ്പയിൽ നിന്ന് ലഭിച്ച മെസൊപ്പൊട്ടാമിയൻ മുദ്രകൾ

c. കളിമണ്ണിൽ തീർത്ത പായ്ക്കപ്പലിന്റെ രൂപങ്ങൾ

**Que.22. ഹരപ്പൻ സംസ്കാരത്തെ വെങ്കലയുഗ സംസ്കാരം എന്ന് വിളിക്കാൻ കാരണം എന്ത്?**

**[Marks :(1}]**

**Ans.** ഹരപ്പൻ ജനത വെങ്കലംകൊണ്ടുള്ള ഉപകരണങ്ങളും ആയുധങ്ങളും ഉപയോഗിച്ചു.

**Que.23. കൃഷി മെച്ചപ്പെടുത്തുന്നതിന് ഹരപ്പൻ ജനത സ്വീകരിച്ച ഏതെങ്കിലും മൂന്ന് മാർഗങ്ങൾ എഴുതുക.**

**[Marks :(3}]**

**Ans.**

1. ഫലഭൂയിഷ്ഠമായ എക്കൽ മണ്ണിൽ കൃഷി ചെയ്തു
2. കലപ്പ ഉപയോഗിച്ച് ഉഴുതുമറിച്ച് കൃഷി ചെയ്തു.
3. ജലസേചനത്തിനായി കനാലുകൾ നിർമ്മിച്ചു.

**Que.24. ഹരപ്പൻ സംസ്കാരത്തിലെ കാർഷികമേകലയെക്കുറിച്ച് കുറിപ്പ് തയാറാക്കുക.**

**[Marks :(4}]**

**Ans.** വൈവിധ്യമാർന്ന വിളവുകൾ കൃഷി ചെയ്തു

ഫലഭൂയിഷ്ഠമായ മണ്ണിൽ കൃഷി

ധാന്യങ്ങൾ ഉണക്കി സൂക്ഷിച്ചു.

നഗരങ്ങളിലെ ഉല്പാദന വസ്തുക്കൾക്ക് ഗ്രാമങ്ങളായിരുന്നു വിപണികൾ

ജലസേചനം ഉപയോഗപ്പെടുത്തി

**Que.25. ഹരപ്പയിലെ നഗരാസൂത്രണത്തിന്റെ സവിശേഷതകൾ വിശദമാക്കുക.**

**[Marks :(4}]**

**Ans.** ഉറപ്പുള്ള ചുട്ട ഇഷ്ടികകൾ ഉപയോഗിച്ചു

നഗരത്തിന്റെ ഉയർന്ന ഭാഗങ്ങൾ ഭരണാധികാരികൾ ഉപയോഗിച്ചു.

താഴ്ന്ന ഭാഗം സാധാരണക്കാർ ഉപയോഗിച്ചു

നഗരങ്ങളോട് ചേർന്ന് ധാന്യപ്പുരകൾ

അഴുക്ക് ചാലുകൾ

(ഏതെങ്കിലും നാലെണ്ണം)

**Que.26.**

**എ കോളത്തിന് യോജിച്ച വിധം ബി കോളം ക്രമപ്പെടുത്തുക.**

| എ | ബി |
|---|---|
| സർ ജോൺ മാർഷൽ | ഹരപ്പ |
| ദയാറാം സാഹ്നി | ഡയറക്ടർ ഓഫ് ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ |
| ആർ.ഡി. ബാനർജി | ഈജിപ്ഷ്യൻ സംസ്കാരം |
| ഹൊവാർഡ്കാർട്ടർ | മോഹൻജൊദാരോ |

**[Marks :(4}]**

**Ans.**

| എ | ബി |
|---|---|
| സർ ജോൺ മാർഷൽ | ഡയറക്ടർ ഓഫ് ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ |
| ദയാറാം സാഹ്നി | ഹരപ്പ |
| ആർ.ഡി. ബാനർജി | മോഹൻജൊദാരോ |
| ഹൊവാർഡ്കാർട്ടർ | ഈജിപ്ഷ്യൻ സംസ്കാരം |

**Que.27. ഹരപ്പയിൽ ഉൽഖനനത്തിന് നേതൃത്വം നൽകിയതാര്?**

[Marks :(1}]

**Ans**. ദയാറാം സാഹ്നി

**Que.28.**

വെങ്കലയുഗ സംസ്കാരങ്ങളുടെ ചില സവിശേഷതകളാണ് ചുവടെ നൽകിയിട്ടുള്ളത് അവ ഓരോന്നും ഏത് സംസ്കാരത്തെ പ്രതിനിധീകരിക്കുന്നുവെന്ന് എഴുതുക.

A. ആപ്പിന്റെ ആകൃതിയുള്ള ലിപികൾ ഉപയോഗിച്ചു

B. പാപ്പിറസ് ചെടിയുടെ ഇലകൾ എഴുതാൻ ഉപയോഗിച്ചു.

C. അക്ഷരങ്ങൾക്ക് പകരം ചിത്രങ്ങൾ എഴുതാൻ തുടങ്ങി.

[Marks :(3}]

**Ans.**

A. മെസൊപ്പൊട്ടാമിയൻ സംസ്കാരം

B. ഈജിപ്ഷ്യൻ സംസ്കാരം

C. ചൈനീസ് സംസ്കാരം

**Que.29. മൊസൊപ്പൊട്ടാമിയൻ സംസ്കാരത്തിൽ നിലനിന്നിരുന്ന എഴുത്തു വിദ്യയുടെ പേരെന്ത്?**

[Marks :(1}]

**Ans.** ക്യൂണിഫോം

**Que.30. സിന്ധൂ നദീതട സംസ്കാരത്തിന്റെ അവശിഷ്ടങ്ങളും അവ കണ്ടെത്തിയ പ്രദേശങ്ങളും ചുവടെ കൊടുത്തിരിക്കുന്നു. അനുയോജ്യമായ രീതിയിൽ ക്രമപ്പെടുത്തുക.**

[Marks :(4}]

**Ans.**

| **ചരിത്രാവശിഷ്ടങ്ങൾ** | **കണ്ടെത്തിയ പ്രദേശങ്ങൾ** |
|---|---|
| **കളിമണ്ണിൽ തീർത്ത പായ്ക്കപ്പൽ** | **ഹരപ്പ** |
| **വലിയകുളം** | **കാലിബംഗാൻ** |
| **കളിമണ്ണിൽ തീർത്ത കലപ്പ** | **ലോഥാൽ** |
| **ധാന്യപ്പുരകൾ** | **മോഹൻജൊദാരോ** |

**Que.31. വെങ്കലയുഗ സംസ്കാരത്തിന്റെ സവിശേഷതകളാണ് ചുവടെ കൊടുത്തിട്ടുള്ളത്. അവ ഓരോന്നും ഏതു സംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് എഴുതുക.**

**ഹൈറോഗ്ലിഫിക്സ്, ക്യൂണിഫോം, വലിയകുളം**

**[Marks :(3}]**

**Ans.** ഹൈറോഗ്ലിഫിക്സ് - ഈജിപ്ഷ്യൻ സംസ്കാരം

ക്യൂണിഫോം - മെസൊപ്പൊട്ടാമിയൻ സംസ്കാരം

വലിയകുളം - സിന്ധൂനദീതട സംസ്കാരം

**Que.32. സിന്ധൂ നദീതട സംസ്കാരത്തെ ഹരപ്പൻ സംസ്കാരമെന്ന് അറിയപ്പെടാനുള്ള കാരണമെന്ത്?**

**[Marks :(1}]**

**Ans**. സിന്ധൂനദീതട സംസ്കാരത്തിന്റെ ആദ്യതെളിവുകൾ ഹരപ്പയിൽ നിന്നാണ് ലഭിച്ചത്.

**Que.33. വെങ്കലയുഗ സംസ്കാരങ്ങളുമായി ബന്ധപ്പെട്ട് ചുവടെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.**

| **വെങ്കലയുഗ സംസ്കാരങ്ങൾ** | **നദികൾ** |
|---|---|
| **ഹരപ്പൻ** | **.........................** |
| **.........................** | **നൈൽ** |
| **ചൈനീസ്** | **.............................** |
| **...........................** | **യൂഫ്രട്ടീസ്, ടൈഗ്രീസ്** |

**[Marks :(4}]**

**Ans.** ഹരപ്പൻ - സിന്ധൂ

ഈജിപ്ഷ്യൻ - നൈൽ

ചൈനീസ് - ഹൊയാങ്ങ്ഹോ

മെസൊപ്പൊട്ടാമിയൻ - യൂഫ്രട്ടീസ്, ടൈഗ്രീസ്

**Que.34. A കോളത്തിന് യോജിച്ച വിധം B, C കോളങ്ങൾ ക്രമപ്പെടുത്തുക.**

| **എ** | **ബി** | **സി** |
|---|---|---|
| **ചൈനീസ് സംസ്കാരം** | **ഹൈറോഗ്ലിഫിക്സ്** | **സിന്ധൂനദി** |

| | | |
|---|---|---|
| ഹരപ്പൻ സംസ്കാരം | ക്യൂണിഫോം | യൂഫ്രട്ടീസ് നദി |
| ഈജിപ്ഷ്യൻ സംസ്കാരം | ചിത്രലിപി | ഹൊയാങ്ഹോ നദി |
| മെസൊപ്പൊട്ടാമിയൻ സംസ്കാരം | ലോഥൽ | നൈൽനദി |

**[Marks :(4}]**

**Ans.**

| എ | ബി | സി |
|---|---|---|
| ചൈനീസ് സംസ്കാരം | ചിത്രലിപി | ഹൊയാങ്ഹോ നദി |
| ഹരപ്പൻ സംസ്കാരം | ലോഥൽ | സിന്ധുനദി |
| ഈജിപ്തിന്റെ സംസ്കാരം | ഹൈറോഗ്ലിഫിക്സ് | നൈൽനദി |
| മെസൊപ്പൊട്ടാമിയൻ സംസ്കാരം | ക്യൂണിഫോം | യൂഫ്രട്ടീസ് നദി |

**Que.35. താഴെ നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ മെസൊപ്പൊട്ടാമിയൻ സംസ്കാരത്തിന്റെ സവിശേഷതകൾ വിശദമാക്കുക.**

**എഴുത്തുവിദ്യ**

**കലണ്ടർ**

**സിഗുറാത്തുകൾ**

**[Marks :(5}]**

**Ans.** എഴുത്ത് വിദ്യ

ക്യൂണിഫോം - ആപ്പിന്റെ ആകൃതി

കൂർത്ത മുനയുള്ള എഴുത്താണികൊണ്ട് എഴുതുന്നു

കളിമൺ ഫലകത്തിൽ എഴുതുന്നു

കലണ്ടർ

ചന്ദ്രനെ അടിസ്ഥാനമാക്കി

വർഷത്തിൽ 12മാസം

ഒരു മാസം 4 ആഴ്ച

ദിവസത്തിൽ 24 മണിക്കൂർ

സിഗുറാത്തുകൾ

ആരാധനാലയങ്ങൾ നഗരങ്ങളിൽ മൺകൂനകൾക്ക് മുകളിൽ ഇഷ്ടിക ഉപയോഗിച്ച് നിർമ്മിക്കുന്നു.

**Que.36. താഴെ തന്നിരിക്കുന്നവ ഏതെല്ലാം പ്രാചീന സംസ്കാരങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു സിഗുറാത്ത്, വലിയകുളം, പിരമിഡ്**

**[Marks :(4}]**

**Ans.**

സിഗുറാത്ത് - മെസപ്പൊട്ടാമിയൻ സംസ്കാരം

വലിയകുളം - ഹാരപ്പൻ സംസ്കാരം

പിരമിഡ് - ഈജിപ്ഷ്യൻ സംസ്കാരം

**Que.37. ചുവടെ നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ഹരപ്പൻ സംസ്കാരത്തിന്റെ സവിശേഷതകൾ വിശദമാക്കുക.**

**നഗരാസൂത്രണം**

**ധാന്യപ്പുര**

**വലിയകുളം**

**ശുചിത്വബോധം**

**[Marks :(6}]**

**Ans.** നഗരാസൂത്രണം

നഗരങ്ങളുടെ നിർമ്മാണത്തിന് ചുട്ട ഇഷ്ടിക ഉപയോഗിച്ചു. ആസൂത്രിതമായ തെരുവുകൾ, ഇരുവശങ്ങളിലും വീടുകൾ, നഗരങ്ങളിൽ വിശാലമായ അഴുക്ക് ചാലുകൾ

വലിയകുളം

മോഹൻജൊദാരോവിലാണ് വലിയകുളം. ചുട്ട ഇഷ്ടികകൊണ്ട് നിർമ്മിച്ചു.

ധാന്യപ്പുര

കാർഷികോത്പന്നങ്ങൾ ധാന്യപുരയിൽ സൂക്ഷിച്ചു.

നികുതി ഇനത്തിലുള്ളവയും ഗ്രാമങ്ങളിൽ മിച്ചം വരുന്നവയും

ഇത് മെച്ചപ്പെട്ട ഭരണസംവിധാനത്തിന് തെളിവാണ്.

ശുചിത്വം

നഗരങ്ങളിൽ അഴുക്കുചാൽ

അഴുക്കുചാലുകൾ സ്ലാബിട്ട് മൂടിയിരുന്നു.

വീടുകളിൽ നിന്ന് മലിനജലം ചാലുകളിലേക്ക് ഒഴുക്കി

ചെറിയ പട്ടണങ്ങളിലും ഗ്രാമങ്ങളിലും അഴുക്ക് ചാൽ ഉണ്ടായിരുന്നു.

**Que.38. മെസപ്പൊട്ടോമിയൻ കലണ്ടറിന്റെയും ഈജിപ്ഷ്യൻ കലണ്ടറിന്റെയും സവിശേഷതകൾ വ്യക്തമാക്കുക.**

**[Marks :(4}]**

**Ans.**

| | |
|---|---|
| ഈജിപ്ഷ്യൻ | മെസൊപ്പൊട്ടാമിയൻ |
| സൂര്യനെ അടിസ്ഥാനമാക്കി കലണ്ടർ | ചന്ദ്രനെ അടിസ്ഥാനമാക്കി കലണ്ടർ |
| ഒരു വർഷത്തെ 365 ദിവസങ്ങളാക്കി | വർഷത്തിൽ 12 മാസം |
| 30 ദിവസങ്ങളുള്ള 12 മാസങ്ങൾ | 4 ആഴ്ചയുള്ള ഒരു മാസം |
| 5 ദിവസങ്ങൾ ആഘോഷങ്ങളാക്കി മാറ്റി | ഒരു ദിവസം - 24 മണിക്കൂർ |

**Que.39. ഹരപ്പൻ സംസ്കാരത്തിലെ ജനങ്ങൾ കച്ചവടത്തിൽ ഏർപ്പെട്ടിരുന്നതിനുള്ള തെളിവുകൾ എന്തെല്ലാം?**

**[Marks :(3}]**

**Ans.**

1. കൃത്യമായ അളവ് തൂക്ക ഉപകരണങ്ങൾ

2. മുദ്രകൾ (ഹരപ്പൻ മുദ്രകളും മെസൊപ്പൊട്ടാമിയൻ മുദ്രകളും)

3. കളിമണ്ണിൽ തീർത്ത പായ്ക്കപ്പലിന്റെ രൂപങ്ങൾ

**Que.40. പ്രാചീന ഈജിപ്ഷ്യൻ ജനത രൂപപ്പെടുത്തിയ എഴുത്തു വിദ്യ ഏത്? ഇതിന്റെ സവിശേഷതകൾ ഏവ?**

**[Marks :(3}]**


**Ans.** ഹൈറോഗ്ലിഫിക്സ്

പാപ്പിറസ് ചെടിയുടെ ഇലകൊണ്ട് എഴുതി

പരിശുദ്ധ എഴുത്ത് എന്നറിയപ്പെടുന്നു.

**Que.41.**

പദസൂര്യൻ പൂർത്തിയാക്കുക.




**[Marks :(3}]**

**Ans.**

A. അസീറിയൻ

B. ബാബിലോണിയൻ

C. കാൽഡിയൻ